# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 24

## വാർത്താക്കുറിപ്പ്

### എം.ജി. ബിരുദ ഏകജാലകം: സ്‌പോർട്‌സ് ക്വാട്ട സർട്ടിഫിക്കറ്റ് പരിശോധന ഇന്ന്

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളേജുകളിൽ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് സ്‌പോർട്‌സ് ക്വാട്ടയിൽ അപേക്ഷിച്ചവർ ഇന്ന് (മേയ് 25) വൈകിട്ട് നാലിനകം ഓപ്ഷൻ നൽകിയ എതെങ്കിലും ഒരു കോളേജിൽ സർട്ടിഫിക്കറ്റുകളുടെ അസലും അപേക്ഷയുടെ പ്രിന്റ് ഔട്ടുമായി സർട്ടിഫിക്കറ്റ് പരിശോധനയ്ക്കു ഹാജരാകണം. ഇന്ന് വൈകിട്ട് അഞ്ചിനകം സർട്ടിഫിക്കറ്റ് പരിശോധനയ്ക്കു ഹാജരാവാത്തവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തില്ല.

(പി.ആർ.ഒ./39/912/2019)

### എം.ജി. പി.ജി. ഏകജാലകം: ക്വാട്ട പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളേജുകളിൽ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് സ്‌പോർട്‌സ്, കൾച്ചറൽ, ഭിന്നശേഷിക്കാർക്കായുള്ള ക്വാട്ടാകളിലെ പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. പട്ടികയിൽ ഉൾപ്പെട്ടവർ സർട്ടിഫിക്കറ്റുകളുടെ അസലുമായി മേയ് 27ന് വൈകിട്ട് നാലിനകം ഏതെങ്കിലും ഒരു കോളേജിൽ ഹാജരായി വേരിഫിക്കേഷൻ പൂർത്തീകരിക്കണം. മേയ് 27ന വൈകിട്ട് അഞ്ചിനകം സർട്ടിഫിക്കറ്റ് പരിശോധനയ്ക്കു ഹാജരാവാത്തവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തില്ല. സ്‌പോർട്‌സ്, കൾച്ചറൽ, ഭിന്നശേഷിക്കാർക്കായുള്ള ക്വാട്ടാകളിലെ ഫൈനൽ റാങ്ക് ലിസ്റ്റ് മേയ് 28ന് പ്രസിദ്ധീകരിക്കും. പ്രവേശനം മേയ് 28, 29 തീയതികളിൽ അതത് കോളേജുകളിൽ നടക്കും. മേയ് 29ന ശേഷം സ്‌പോർട്‌സ്/കൾച്ചറൽ/ഭിന്നശേഷിക്കാർക്കായുള്ള ക്വാട്ടാകളിലേക്ക് പ്രവേശനം അനുവദിക്കില്ല.

(പി.ആർ.ഒ./39/913/2019)

### എം.ജി. ബിരുദ പ്രവേശനം: ഏകജാലക ഓൺലൈൻ രജിസ്‌ട്രേഷൻ മേയ് 27 വരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്‌ട്രേഷൻ മേയ് 27ന് അവസാനിക്കും. പ്രൊവിഷണൽ റാങ്ക് ലിസ്റ്റും ട്രയൽ അലോട്ട്മെന്റും മേയ് 30ന് പ്രസിദ്ധീകരിക്കും. ഒന്നാം അലോട്ട്മെന്റ് ജൂൺ ആറിനും രണ്ടാം അലോട്ട്മെന്റ് ജൂൺ 15നും പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ./39/914/2019)

### ബി.ബി.എ. എൽ.എൽ.ബി. പ്രവേശന പരീക്ഷ ജൂൺ ഒന്നിന്

സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. പ്രോഗ്രാമിലേക്കുള്ള പ്രവേശന പരീക്ഷ ജൂൺ ഒന്നിന് നടക്കും. അഡ്മിറ്റ് കാർഡ് ലഭിച്ച അപേക്ഷകർ ജൂൺ

ഒന്നിന് രാവിലെ 10ന് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിന്റെ ഓഫീസിൽ എത്തണം. ഫോൺ: 0481 2310165, 9446427447, 8547720276.

(പി.ആർ.ഒ./39/915/2019)

## പരീക്ഷ തീയതി

മൂന്നാം വർഷ ബി .എസ് സി. എം.ആർ.ടി. ( 2015 അഡ്മിഷൻ റഗുലർ, 2015 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ജൂൺ 14ന് ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/916/2019)

## വൈവാ വോസി

2019 ഫെബ്രുവരി/മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ എം .എ. ഇംഗ്ലീഷ് (2016 അഡ്മിഷൻ റഗുലർ, 2016 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ അദാലത്ത് സ്പെഷൽ മേഴ്സി ചാൻസ് 2018) പ്രൈവറ്റ് പരീക്ഷയുടെ വൈവാ വോസി ജൂൺ 11, 12 തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/917/2019)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

2019 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ സി .ബി.സി.എസ്.എസ്. ബിരുദ പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന മേയ് 27,28 തീയതികളിൽ നടക്കും. അപേക്ഷകർ ഫോട്ടോപതിച്ച തിരിച്ചറിയൽ രേഖയുമായി സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിലെ നാലാംനിലയിലുള്ള 501-ാം നമ്പർ മുറിയിൽ എത്തണം.

(പി.ആർ.ഒ./39/918/2019)

2018 ജൂണിൽ അഫിലിയേറ്റഡ് കോളജു കളിൽ നടന്ന ബി.എ. എൽ.എൽ.ബി. ആറാം സെമസ്റ്റർ പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന മേയ് 28, 29 തീയതികളിൽ നടക്കും. അപേക്ഷകരിൽ ഇനിയും ഹാജരാകാത്തവർ അസൽ തിരിച്ചറിയൽ രേഖയുമായി സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിലെ 226-ാം നമ്പർ മുറിയിൽ എത്തണം.

(പി.ആർ.ഒ./39/919/2019)

## പരീക്ഷ ഫലം

2018 ഡിസംബറിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എ. പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ് , പൊളിറ്റിക്സ് ആൻഡ് ഹ്യൂമൻ റൈറ്റ്സ്, പൊളിറ്റിക്സ്(പബ്ലിക്പോളിസി ആൻഡ് ഗവേണൻസ് ) സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/920/2019)

2019 ഏപ്രിലിൽ സ് കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടന്ന മൂന്നാം സെമസ്റ്റർ എം .ടെക്. കമ്പ്യൂട്ടർ സയൻസ് ആൻഡ് ടെക്നോളജി സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/921/2019)

2019 ജനുവരിയിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/922/2019)

2019 ജനുവരിയിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ പി .ജി. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് (പാർട്ട്ടൈം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/923/2019)

2019 ഫെബ്രുവരിയിൽ സ് കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് (പാർട്ട്ടൈം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/924/2019)

## എൻ.എസ്.എസ്. ഗ്രേസ് മാർക്ക്;
## അപേക്ഷ മേയ് 31 വരെ

സി.ബി.സി.എസ്.എസ്. നാലാം സെമസ്റ്റർ പൂർത്തീകരിച്ച എൻ .എസ്.എസ്. വോളണ്ടിയർമാരുടെ ഗ്രേസ് മാർ ക്കിന് നിശ്ചിതമാതൃകയിലുള്ള അപേക്ഷ മേയ് 31നകം സർവകലാശാല എൻ .എസ്.എസ്. ഓഫീസിൽ എത്തിക്കണം. വൈകി ലഭിക്കുന്ന അപേക്ഷയ്ക്ക് പിഴ നൽകേണ്ടിവരും . കോളജുകളിൽ പുതിയ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരെ നിയമിക്കൽ , നിലവിലുള്ള എൻ .എസ്.എസ്. യൂണിറ്റുകളുടെ പ്രവർത്തനം അവസാനിപ്പിക്കൽ എന്നീ കാര്യങ്ങൾ പ്രിൻസിപ്പൽമാർ സർവകലാശാല എൻ .എസ്.എസ്. ഓഫീസിനെ രേഖാമൂലം അറിയിക്കണം.

(പി.ആർ.ഒ./39/925/2019)

## ലോകഭക്ഷ്യ സുരക്ഷദിനം;
## ജില്ലാതല ക്വിസ് മത്സരം മേയ് 29ന്

ലോക ഭക്ഷ്യ സുരക്ഷദിനത്തോടനുബന്ധിച്ച് ഭക്ഷ്യസുരക്ഷ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും സംയുക്തമായി വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന കോട്ടയം ജില്ലാതല ക്വിസ് മത്സരം മേയ് 29ന് മഹാത്മാഗാന്ധി സർവകലാശാല സ് കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസസ് സെമിനാർ ഹാളിൽ നടക്കും. കോളജ് വിദ്യാർഥികൾക്കും പങ്കെടുക്കാം . രാവിലെ ഒമ്പതിന് രജിസ് ട്രേഷൻ ആരംഭിക്കും . കോളജ്/സ്കൂളിനെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നവർ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം ഹാജരാക്കണം . തിരിച്ചറിയിൽ രേഖയും (ആധാർ/ഇലക്ഷൻ ഐ .ഡി/ഡ്രൈവിങ് ലൈസൻസ് ) പാസ്പോർട്ട് സൈസ് ഫോട്ടോയും നൽകണം . ആരോഗ്യം, ഭക്ഷ്യ സുരക്ഷ എന്നിവ സംബന്ധിച്ച വിഷയങ്ങൾക്കായിരിക്കും മത്സരത്തിൽ പ്രാധാന്യം. വിശദവിവരത്തിന് ഫോൺ: 7593873354, 8943346185.

(പി.ആർ.ഒ./39/926/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ